"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

**<u>02/07/2013--4 P.M.ന് മീറ്റിംഗ്</u>**

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ:ഇ7/22587/11(1)

തൈക്കാട്, തിരുവനന്തപുരം-14
തീയതി:27.6.2013

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ,
ഐ.ടി.ഐ
All Principals.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- വിവിധ ഐ.ടി.ഐ കളിൽ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തികൾ- ചീഫ് എഞ്ചിനീയർ പങ്കെടുത്തു കൊണ്ടുള്ള വിലയിരുത്തൽ - സംബന്ധിച്ച്:-

സൂചന:- ഈ ആഫീസിൽ നിന്നും 10/06/2013 തീയതിയായി അയച്ചിട്ടുള്ള ഇതേ നമ്പർ കത്ത്.

താങ്കളുടെ സ്ഥാപനത്തിലെ പി.ഡബ്ല്യൂ.ഡി വർക്കുകൾ സംബന്ധിച്ച് റിപ്പോർട്ട് ഉടൻ അയക്കുവാൻ സൂചന പ്രകാരം അഭ്യർത്ഥിച്ചിരുന്നുവല്ലോ. ടി റിപ്പോർട്ട് ഇനിയും ലഭ്യമാക്കിയിട്ടില്ലാത്തവർ ആയത് മടക്കത്തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

<u>02/07/2013 ന് വൈകുന്നേരം 4 മണിയ്ക്ക് തിരുവനന്തപുരം, പി.എം.ജി യിലുള്ള 'ലേബർ കോംപ്ലക്സിൽ' വച്ച് സംസ്ഥാന ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്) പങ്കെടുക്കുന്ന മീറ്റിംഗ് ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടക്കുകയാണെന്ന വിവരം അറിയിക്കുന്നു.</u> ഈ യോഗത്തിൽ വിവിധ ഐ.ടി.ഐകളിൽ നടക്കുന്ന **പി.ഡബ്ല്യൂ.ഡി പ്രവൃത്തികൾ വിശദമായ വിലയിരുത്തലിന് വിധേയമാക്കുന്ന**താണ്. ഭരണാനുമതി ലഭിച്ചിട്ടും (ഡെപ്പോസിറ്റ് വർക്കുകളുടെ കാര്യത്തിൽ തുക അടച്ചിട്ടും) ഇതേ വരെ ആരംഭിക്കാത്തതോ, ആരംഭിച്ചിട്ടും പണി പൂർത്തിയാക്കാതെ തുടരുന്നതോ ആയ എല്ലാ പ്രവൃത്തികളുടേയും <u>വിശദമായ വിവരങ്ങളടക്കം താങ്കൾ ഈ മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.</u>

താങ്കളുടെ വിശ്വസ്തൻ,

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി